## HADIA CSE Khutba Notes (28.12.2018)

# ന്യൂ ഇയർ – സമയത്തിന്റെ പ്രാധാന്യം

ലോകം പുതിയ ഒരു വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. മുസ്‌ലിംകളായ നമുക്ക് പ്രാധാന്യമുള്ളത് ഹിജ്റ വർഷാരംഭമാണെങ്കിലും പൊതുവെ നമ്മുടെ പല കാലഗണനം ക്രിസ്തുവർഷവുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ട് തന്നെ ന്യൂ ഇയർ വരുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചർച്ചചെയ്യാം.

നമ്മുടെ ജീവിതത്തിൽ ഏറ്റവും അമൂല്യമായത് സമയമാണ്. സമ്പത്തിന്റെ കാര്യത്തിൽ പിശുക്ക് കാണിക്കുകയും അതിലേറെ അമൂല്യമായ സമയത്തിന്റെ കാര്യത്തിൽ അതില്ലാതിരിക്കുകയും ചെയ്യുന്നു. നമ്മുടെ കൈയിലുള്ള പത്ത് ലക്ഷത്തിൽ നിന്ന് 100 രൂപ ചെലവായാൽ അതിനു പകരം 100 രൂപ നമുക്ക് വെക്കാൻ സാധിച്ചേക്കാം. എന്നാൽ നമുക്ക് അല്ലാഹു കണക്കാക്കിയ ശ്വാസവും സമയവും അങ്ങനെ പകരം വെക്കാൻ സാധിക്കാത്തതാണ്.

ഓരോ വർഷം നമ്മിൽ നിന്ന് കൊഴിഞ്ഞു പോകുമ്പോഴും നാം ചിന്തിക്കേണ്ടത് നമ്മുടെ ജീവിതത്തിൽ നിന്ന് കഴിഞ്ഞുപോകുന്ന ഘട്ടങ്ങളെ കുറിച്ചാണ്

കർമശാസ്ത്ര പണ്ഡിതനായ ഇമാം റംലി (റ) പറയുന്നു:

അഞ്ചു വഖ്ത് നിസ്കാരത്തിന്റെ സമയങ്ങൾ സൂര്യന്റെ സാന്നിദ്ധ്യവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളാണ് നമ്മെ ഓർമിപ്പിക്കുന്നത്.

സൂര്യൻ ഉദിച്ചുവരുമ്പോഴുള്ള സുബ്ഹ് നിസ്കാരം നമ്മുടെ ജനനത്തെ ഓർമിപ്പിക്കുന്നു.

സൂര്യൻ ഉച്ചിയിൽ എത്തി ചൂട് കൂടി നിൽക്കുമ്പോഴുള്ള ളുഹ്റ് നമ്മുടെ യൗവന ഘട്ടമാണ്.

സൂര്യൻ ചൂട് കുറഞ്ഞ് താഴ്ന്ന് കുനിഞ്ഞു കൊണ്ടിരിക്കുമ്പോഴുള്ള അസ്റ് വാർദ്ധക്യ ഘട്ടം.

ജ്വലിച്ച് നിന്ന് ലോകം കീഴടക്കിയിരുന്ന സൂര്യൻ ശക്തി കുറഞ്ഞ് പ്രഭ നഷ്ടപ്പെടുമ്പോഴുള്ള മഗ്രിബ് നിസ്കാരം നമ്മെ മരണത്തെ ഓർമിപ്പിക്കുന്നു.

പിന്നെയും അൽപനേരം നേരിയ വെളിച്ചമുണ്ടാകും. മരണ ശേഷം അൽപം കാലം നമ്മുടെ ഓർമകൾ ജനങ്ങളുടെ മനസ്സിലുണ്ടാകും. പിന്നെ മേഘത്തിലെ ആ ചുവപ്പും മായുന്നതോടെ സൂര്യൻ വിസ്മരിക്കപ്പെടും. ആ സമയത്താണ് ഇശാ നിസ്കാരം. അതോടെ പിന്നെ നാം വിസ്മൃതിയിലേക്ക് ആണ്ടുപോവുകയാണ്.

സൈനുദ്ദീൻ മഖ്ദൂം (റ) അദ്കിയയിൽ പറയുന്നു:

واصْرِفْ إلى الطاعاتِ وقتَكَ كُلَّهُ  لا تَتْرُكَنْ وقتا سُدًى مُتساهِلا

ഒരു സമയവും വെറുതെ കളയരുത്. അപ്പോൾ നാം ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും ചെയ്യുന്ന സമയം വെറുതെ പോവില്ലേ? സൈനുദ്ദീൻ മഖ്ദൂം (റ) ശേഷം പറയുന്നു:

وتَصيرُ أوقاتُ المُباحِ بِنية          مصْروفةٍ في الخير فاصح بلا ائتلا

നിയ്യത്ത് നന്നാക്കിയാൽ എല്ലാം ഖൈറ് ആകും. കൃഷിയും കച്ചവടവുമെല്ലാം നിയ്യത്ത് നന്നാക്കിയാൽ കൂലിയുണ്ട്.

عَنْ أبي هُرَيْرَةَ τ أَنَّ رسُول اللَّه ﷺ قَال :قَال رَجُلٌ لأتَصدقَنَّ بِصدَقَةٍ، فَخرج بِصَدقَته، فَوضَعَهَا في يَدِ سَارِقٍ، فَأَصْبحُوا يتَحدَّثُونَ: تَصدِّقَ الليلة علَى سارِقٍ، فَقَالَ: اللَّهُمَّ لَكَ الْحَمْدُ لأَتَصدَّقَنَّ بصدَقَةٍ، فَخرَجَ بِصَدقَتِهِ، فَوضَعَهَا في يدِ زانيةٍ، فَأصْبَحُوا يتَحدَّثُونَ تُصُدِّق اللَّيْلَةَ عَلى زَانِيَةٍ، فَقَالَ: اللَّهُمَّ لَكَ الْحَمْدُ عَلَى زانِيَةٍ، لأَتَصدَّقَنَّ بِصدقة، فَخرَجَ بِصَدقَتِهِ، فَوضَعها في يَدِ غَنِي، فأَصْبَحُوا يتَحدَّثون:

**HADIA CSE Khutba Notes (28.12.2018)**

# ന്യൂ ഇയർ – സമയത്തിന്റെ പ്രാധാന്യം

تُصُدِّقَ علَى غَنِيٍّ، فَقَالَ اللَّهُمَّ لَكَ الْحَمْدُ علَى سارِقٍ، وعَلَى زَانِيةٍ، وعلَى غَنِي، فَأتِي فَقِيل لَهُ: أمَّا صدَقَتُكَ علَى سَارِقٍ فَلَعَلَّهُ أنْ يَسْتِعفَّ عنْ سرِقَتِهِ، وأمَّا الزَّانِيةُ فَلَعلَّهَا تَسْتَعِفَّ عَنْ زِناهَا، وأمَّا الْغنِيُّ فَلَعلَّهُ أنْ يعْتَبِر، فَيُنْفِقَ مِمَّا آتَاهُ اللَّهُ رَواهُ البخاري

ഈ ഹദീസിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത് നിയ്യത്ത് അനുസരിച്ചാണ് പ്രതിഫലം ലഭിക്കുന്നത് എന്നതാണ്. ആർക്കു കൊടുത്തു എന്നതല്ല അല്ലാഹു പരിഗണിക്കുന്നത്.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُ എന്ന ആയത്തിന്റെ തഫ്സീറിൽ ഇമാം റാസി (റ) പറയുന്നു:

ഒരാളുണ്ടായിരുന്നു. അദ്ദേഹം സ്വന്തം ആവശ്യത്തിന് ഒരു സൂചി വാങ്ങി. ആവശ്യം കഴിഞ്ഞപ്പോൾ അദ്ദേഹം അയൽപക്കത്തെ വീടുകൾ കയറിയിറങ്ങി തന്റെ അടുത്ത് ഒരു സൂചിയുണ്ടെന്നും ആവശ്യമുള്ളവർക്ക് ചോദിക്കാം എന്നും അറിയിച്ചു. നിസാരമായ ഒരു സൂചി വായ്പ കൊടുത്തതിന്റെ പേരിൽ അദ്ദേഹം സ്വർഗത്തിൽ കടന്നു.

وَأَنفِقُوا مِن مَّا رَزَقْنَاكُم مِّن قَبْلِ أَن يَأْتِيَ أَحَدَكُمُ الْمَوْتُ فَيَقُولَ رَبِّ لَوْلَا أَخَّرْتَنِي إِلَىٰ أَجَلٍ قَرِيبٍ فَأَصَّدَّقَ وَأَكُن مِّنَ الصَّالِحِينَ

ഒരു അൽപ സെക്കന്റെങ്കിലും എന്നെ പിന്തിപ്പിക്കൂ എന്ന് പറയുന്നു. അതിനു പോലും മനുഷ്യൻ വില കൽപിക്കും. സ്വന്തം സ്വത്ത് മുഴുവൻ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുകയോ അല്ലാഹുവിന് വേണ്ടി സർവം സമർപിച്ച് സ്വാലിഹുകളിൽ പെടുകയോ ചെയ്യാൻ ഈ മൈക്രോ സെക്കന്റ് ഉപയോഗിക്കാം എന്നാണ് മനുഷ്യന്റെ ആഗ്രഹം. അത്രക്കും വിലയാണ് നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷത്തിനും

തഴവ പറയുന്നു:

നിയ്യത്ത് നന്നായെങ്കിലെന്തും ചെയ്യടോ

തൗഫീഖ് പിന്നിൽ നിന്ന് തള്ളിത്തരുമെടോ

സൈനുദ്ദീൻ മഖ്ദൂം (റ) പറയുന്നു:

قد أجمعَ العُرّاف جُلُّهم على — أن أفْضَل الطاعاتِ لله العُلا

إحفظْ لِأنْفاسٍ يكون خُروجُها — ودُخولها بالله في الملإ الخلا

ഓരോ ശ്വാസവും അല്ലാഹ് എന്നതാക്കുക

സ്വഹാബിമാർ ഓരോ വർഷം കഴിയുമ്പോഴും കഴിഞ്ഞ കാലത്തെ അമലുകൾ കണക്കു കൂട്ടുമായിരുന്നു. – ഇഹ്യാഉ ഉലൂമിദ്ദീൻ

തിരു നബി (സ്വ) പറയുന്നു:

قال النبي ﷺ :خير الناس من طال عمره وحسن عمله - رواه الترمذي.

يَقُولُ الْحَسَنَ (ر): " أَفْضَلُالنَّاسِ ثَوَابًا يَوْمَ الْقِيَامَةِ الْمُؤْمِنُ الْمُعَمَّرُ"

അതുകൊണ്ടു തന്നെ ആയുസ്സിലെ സമയം പരമാവധി ഉപയോഗപ്പെടുത്തുക

**HADIA CSE Khutba Notes (28.12.2018)**

# ന്യൂ ഇയർ – സമയത്തിന്റെ പ്രാധാന്യം

നമുക്ക് മരിക്കാനുണ്ട് എന്ന ചിന്ത നമ്മിൽ ഉണ്ടാവണം. സമയം അതിവേഗം പോയിക്കൊണ്ടിരിക്കുകയാണ്:

عَنْ أَبِي هُرَيْرَةَ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : لا تَقُومُ السَّاعَةُ حَتَّى يَتَقَارَبَ الزَّمَانُ ، فَتَكُونَ السَّنَةُ كَالشَّهْرِ ، وَيَكُونَ الشَّهْرُ كَالْجُمُعَةِ ، وَتَكُونَ الْجُمُعَةُ كَالْيَوْمِ ، وَيَكُونَ الْيَوْمُ كَالسَّاعَةِ ، وَتَكُونَ السَّاعَةُ كَاحْتِرَاقِ السَّعَفَةِ

അന്നും ഇന്നും 24 മണിക്കൂർ തന്നെയാണുള്ളത് എങ്കിലും നമുക്ക് തിരക്ക് അനുഭവപ്പെടുകയാണ്.

ഏറ്റവും തിരക്കുള്ള സമയത്താണ് ജാഗ്രത കൂടേണ്ടത്. ട്രെയിൻ, ബസ്, കല്യാണ മണ്ഡപം പോലുള്ള ജനങ്ങൾ തിങ്ങിനിറഞ്ഞ സ്ഥലങ്ങളിൽ നമ്മുടെ പോക്കറ്റും ബാഗും നാം വളരെ ജാഗ്രതയോടെ ശ്രദ്ധിക്കാറുണ്ട്. അതുപോലെ തന്നെ ഏറ്റവും തിരക്കുപിടിച്ച ഈ കാലഘട്ടത്തിലാണ് നമ്മുടെ ഈമാന്റെ കാര്യത്തിൽ ഏറെ ജാഗ്രതയുണ്ടാവേണ്ടത്.

അല്ലാഹു പറയുന്നു:

الَّذِينَ يَذْكُرُونَ اللَّهَ قِيَامًا وَقُعُودًا وَعَلَىٰ جُنُوبِهِمْ وَيَتَفَكَّرُونَ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَاطِلًا سُبْحَانَكَ فَقِنَا عَذَابَ النَّارِ – آل عمران ١٩١

എല്ലാ അവസ്ഥയിലും അല്ലാഹുവിനെ ഓർക്കണം. മാത്രമല്ല; ഈ നിൽക്കാനും ഇരിക്കാനും കിടക്കാനും കഴുവു തന്നവൻ എന്ന നിലക്കും അവനെ നാം ഓർക്കണം. ഉറങ്ങുമ്പോൾ ബിസ്മികല്ലാഹുമ്മ അമൂതു വ അഹ് യാ, ഉണരുമ്പോൾ അൽഹംദു ലില്ലാഹില്ലദീ അഹ് യാനീ .... ബാത് റൂമിൽ നിന്ന് വരുമ്പോൾ അൽഹംദു ലില്ലാഹില്ലദീ അദ്ഹബ അന്നീ...

എല്ലാം അല്ലാഹുവാണ് ചെയ്തത് എന്ന ധാരണ നമുക്കുണ്ടാവണം.

وَهُمْ يَصْطَرِخُونَ فِيهَا رَبَّنَا أَخْرِجْنَا نَعْمَلْ صَالِحًا غَيْرَ الَّذِي كُنَّا نَعْمَلُ ۚ أَوَلَمْ نُعَمِّرْكُم مَّا يَتَذَكَّرُ فِيهِ مَن تَذَكَّرَ وَجَاءَكُمُ النَّذِيرُ ۖ فَذُوقُوا فَمَا لِلظَّالِمِينَ مِن نَّصِيرٍ – فاطر ٣٧

قال حسن البصري رحمه الله:- (يابن أدم انما انت ايام كلما مر يوم من ايامك ذهب بعض منك )

وقالمجاهد : ما من يوم إلا يقول : ابن آدم ! قد دخلت عليك اليوم ولن أرجع إليك بعد اليوم ، فانظر ماذا تعمل في ، فإذا انقضى طوي ثم يختم عليه فلا يفك حتى يكون الله هو الذي يفضه يوم القيامة ولا الليلة الا تقول كذلك

قال صَلَّى اللَّهُ عَلَيْهِ وَسَلَّمَ »: من استوى يوماه فهو مغبون، ومن كان آخِر يوميه شرًّا فهو ملعون، ومن لم يكن على الزيادة فهو في النقصان، ومن كان في النقصان، فالموت خير له، ومَن اشتاق إلى الجنة، سارَعَ في الخيرات، ومن أشفق من النار، لهِيَ عن الشهوات، ومن ترقَّب الموت، هانت عليه اللذات، ومن زهد في الدنيا، هانت عليه المصيبات – (لطائف المعارف)

അതുകൊണ്ട് നമ്മുടെ സമയം നഷ്ടപ്പെടുത്താതെ ശ്രദ്ധിക്കുക. കൃസ്തുമസ്, ന്യൂ ഇയർ പോലുള്ള ആഘോഷങ്ങളിൽ സമയം കളയാതെ അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കുന്ന കാര്യങ്ങളിൽ ഏർപെടുക.

ഇതര മതസ്ഥരോടുള്ള ആദരവും സ്നേഹവും കാണിക്കേണ്ടത് അവരുടെ ആരാധനകളിലും ഉത്സവങ്ങളിലും പങ്കുകൊണ്ടല്ല, മറിച്ച് ഇന്ത്യയിൽ ജീവിക്കുന്നവർ എന്ന നിലക്ക് അവർക്ക് അതി

**HADIA CSE Khutba Notes (28.12.2018)**

# ന്യൂ ഇയർ – സമയത്തിന്റെ പ്രാധാന്യം

നുള്ള സ്വാതന്ത്ര്യം വകവച്ചുകൊടുത്തും മാനുഷിക പരിഗണന നൽകിക്കൊണ്ടുള്ള സഹായ സഹകരണങ്ങൾ നൽകിയുമാണെന്ന് നാം ഓർക്കുക.

**ഖുതുബ നോട്ട്സ്**


**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9447418451**